**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2446** **12-03-2020 ലെ മറുപടി**

**<u>കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ; | (എ) | ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിനു കീഴിൽ കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.<br>ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം (1) കാര്യാലയത്തിനു കീഴിലുള്ള കാഞ്ഞിരപ്പുഴ, മലമ്പുഴ എന്നീ പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ കനാലുകൾ കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെടുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മുതൽ 2020 വരെ കാഞ്ഞിരപ്പുഴ പദ്ധതിയുടെ വാർഷിക അറ്റകുറ്റ പണികൾക്കായി നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയ തുക ഉപയോഗിച്ചുകൊണ്ട് 186.79 ലക്ഷം രൂപയുടെ 68 പ്രവൃത്തികളും . കൂടാതെ SDRF (State Disaster Response Fund) ൽ ഉൾപ്പെടുത്തി 280.20 ലക്ഷം രൂപയുടെ 19 പ്രവൃത്തികളും ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. മലമ്പുഴ പദ്ധതിയുടെ വാർഷിക അറ്റകുറ്റ പണികൾക്കായി നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയ തുക ഉപയോഗിച്ച് കൊണ്ട് 163.9 ലക്ഷം രൂപയുടെ 41 പ്രവർത്തികളും SDRF (State Disaster Response Fund)ൽ ഉൾപ്പെടുത്തി 31.85 ലക്ഷം രൂപയുടെ 5 പ്രവർത്തികളും കൂടാതെ കാഡ (CADA) പ്രവൃത്തിയിൽ ഉൾപ്പെടുത്തി 57.82 ലക്ഷം രൂപയുടെ 3 പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോങ്ങാട് മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന താഴെ പറയുന്ന പ്രധാന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1) കിഫ്ബി 17-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി- ടി പദ്ധതിയ്ക്കായി (ഒന്നാംഘട്ടം) 12.11.2018 ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം പാക്കേജിൽ 12 എം.എൽ.ഡി ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ഡ്രൈനേജ് പോണ്ട്, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെടുന്നത് - പാക്കേജ്-1 പ്രവൃത്തികൾക്കായി 10.10.2019 ന് എഗ്രിമെൻറ് വെച്ചു. ഈ പദ്ധതിയുടെ രണ്ടാം പാക്കേജിൽ കരിമ്പ പഞ്ചായത്തിനു വേണ്ടിയുള്ള 13 ലക്ഷം ലിറ്റർ ഉന്നതഃലജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, റോഡ് പുനരുദ്ധാരണം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുന്നത്. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.<br>2) നബാർഡ് - മണ്ണൂർ, കേരളശ്ശേരി, മങ്കര പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി - ഈ പദ്ധതിക്കുവേണ്ടി നബാർഡിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട പ്രവൃത്തികൾക്ക് 2530 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു 10 ദശലക്ഷം ജലശുദ്ധീകരണശാല, 11 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (മണ്ണൂർ), 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (കേരളശ്ശേരി), 2.6 ലക്ഷം ലിറ്റർ ശേഷിയുള്ള ക്ലിയർ വാട്ടർ സമ്പ് (കേരളശ്ശേരി), റോ വാട്ടർ & ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, വിതരണം ചെയ്ത് സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തികൾക്ക് വേണ്ടി ദർഘാസ് ക്ഷണിച്ച് 21.11.2018 ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ചെയ്തുവരുന്നു. 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 26/10/18-ൽ |

പി.ഡബ്ള്യൂ.ഡിയിൽ റോഡ് പുനരുദ്ധാരണത്തിനുള്ള അപേക്ഷ സമർപ്പിച്ചതനുസരിച്ച് 130.65 ലക്ഷം രൂപയുടെയും അധിക തുകയായ 41.76 ലക്ഷം രൂപയുടെയും റോഡ് പുനരുദ്ധാരണത്തിനുള്ള തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പി.ഡബ്ള്യൂ.ഡി.യിൽ ഒടുക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3. ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം (2) ആയി ഉള്ളടക്കം ചെയ്യുന്നു.

ജലനിധി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി മങ്കര, പറളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | ഗ്രാമ പഞ്ചായത്ത് | പദ്ധതികളുടെ എണ്ണം | ഗുണഭോക്തൃ കുടുംബങ്ങൾ |
|---|---|---|---|
| 1 | മങ്കര | 1 | 1001 |
| 2 | പറളി | 27 | 3452 |

ഇത് കൂടാതെ ജലനിധി വഴി നടപ്പാക്കിയ സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം കോങ്ങാട് ഗ്രാമപഞ്ചായത്തിലെ 11 സ്കീമുകളുടെ പുനരുദ്ധാരണ നടപടികൾ നടന്നു വരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ജലനിധി സ്കീമിന്റെ പേര് | തുക (രൂപ) |
|---|---|---|
| 1 | ആറ്റക്കാട് | 366275 |
| 2 | ജലപ്രിയ | 346725 |
| 3 | കസ്തൂർബ | 565000 |

| | | |
|---|---|---|
| 4 | യുവജന | 462875 |
| 5 | മഹാത്മാഗാന്ധി | 1100000 |
| 6 | അക്ഷയ | 662000 |
| 7 | അമൃത | 673000 |
| 8 | ജനപ്രിയ | 713000 |
| 9 | പെരിങ്ങോട് സൗപർണ്ണിക | 633000 |
| 10 | ഭാഗ്യശ്രീ | 720000 |
| 11 | അയ്യപ്പൻകുന്നു | 600000 |

| | | | |
|---|---|---|---|
| (ബി) | കരിമ്പ കുടിവെള്ള പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമാക്കുമോ; ഈ പദ്ധതി എന്നു മുതൽ കമ്മീഷൻ ചെയ്യുവാനാകുമെന്ന് അറിയിക്കാമോ? | (ബി) | കിഫ്ബി 17-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി (ഒന്നാംഘട്ടം) 12.11.2018 ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതിയും 12.06.2019 ന് 1082 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഒന്നാം പാക്കേജിൽ 12 എം.എൽ.ഡി ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ഡ്രൈനേജ് പോണ്ട്, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെടുന്നത്. പാക്കേജ്-1 പ്രവൃത്തികൾക്കായി 10.10.2019 ന് എഗ്രിമെൻറ് വെച്ചു. ജലശുദ്ധീകരണശാലയുടെ ഡിസൈൻ അംഗീകരിച്ചു കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. ഈ പ്രവൃത്തി 24.03.2021-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br>ഈ പദ്ധതിയുടെ രണ്ടാം പാക്കേജിൽ കരിമ്പ പഞ്ചായത്തിനു വേണ്ടിയുള്ള 13 ലക്ഷം ലിറ്റർ ഉന്നത ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, റോഡ് പുനരുദ്ധാരണം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുന്നത്. ഈ പദ്ധതിക്കായി 18.03.2020 അവസാന തിയ്യതിയായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. (ടെണ്ടർ ചെയ്ത തുക 14.70 കോടി രൂപ). അംഗീകരിച്ച വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് പ്രകാരം പദ്ധതി പൂർത്തീകരണത്തിനുള്ള കാലാവധി 20 മാസമാണ്. |

| | | | |
|---|---|---|---|
| | | | ഒന്നാംഘട്ടം പൂർത്തീകരിച്ചാൽ നിലവിലുള്ള വിതരണശൃംഖലയിലൂടെ കുടിവെള്ളം നൽകി പദ്ധതി 30.06.2021-ഓടെ ഭാഗികമായി കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയുടെ രണ്ടാംഘട്ടമായി വിതരണശൃംഖല ഉൾപ്പെടെയുള്ള പ്രവൃത്തിയുടെ ഡി.ഇ.ആർ തയ്യാറാക്കേണ്ടതുണ്ട്. ഇതിന് ഭരണാനുമതി ലഭിച്ചാൽ മാത്രമേ പദ്ധതി പൂർണ്ണമായ തോതിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

| ക്രമ | പ്രവർത്തിയുടെ പേര് | വർഷം | എസ്റ്റിമേറ്റ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 2018-19 പാലക്കാട് ജില്ലയിലെ പറളി പഞ്ചായത്തിലെ എടത്തറയിലെ അഞ്ചുമൂർത്തി അമ്പലത്തിനു സമീപത്തിലുള്ള കണ്ണാടി പുഴയുടെ ചെക്ക് ഡാം കഴിഞ്ഞിട്ടുള്ള പുഴയുടെ തകർന്നു പോയ വലതുകര ബണ്ട് അടക്കുന്ന പ്രവർത്തി - | 2018-19 | 17,10,000 | പൂർത്തീകരിച്ചു |
| 2. | 2018-19 പാലക്കാട് ജില്ലയിലെ പറളി പഞ്ചായത്തിലെ എടത്തറയിലെ അഞ്ചുമൂർത്തി അമ്പലത്തിനു സമീപത്തിലുള്ള കണ്ണാടി പുഴയുടെ തകർന്നു പോയ വലതുകര അടക്കുന്ന പ്രവർത്തി - റയിൽവെയുടെ സ്ലീപ്പറിന് മുകളിൽ കോൺക്രീറ്റ് ഉപയോഗിച്ചുകൊണ്ട് | 2018-19 | 1155000 | പൂർത്തീകരിച്ചു |

| ക്രമ നം. | പ്രവർത്തിയുടെ പേര് | വർഷം | എസ്റ്റിമേറ്റ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 3. | 2018 പാലക്കാട് ജില്ലയിലെ പഴയ പറളി റെയിൽവേ സ്റ്റേഷന് അടുത്തുള്ള ചെക്ക് ഡാമിന്റെ മുകൾ ഭാഗത്തുള്ള പുഴക്കര ഭാഗം അടക്കുന്ന പ്രവർത്തി - റെയിൽവേ ട്രാക്കിന്റെ സ്ലീപ്പറും അതിൽ കോൺക്രീറ്റിങ്ങും ഉപയോഗിച്ച് | 2018-19 | 1090000 | പൂർത്തീകരിച്ചു |
| 4. | 2018 പാലക്കാട് ജില്ലയിലെ പറളി പഞ്ചായത്തിലെ എടത്തറയിലെ അഞ്ചുമൂർത്തി അമ്പലത്തിനു സമീപത്തിലുള്ള കണ്ണാടി പുഴയുടെ തകർന്നു പോയ വലതുകര അടക്കുന്ന പ്രവർത്തി -ചെക്ക്ഡാം പൊട്ടിക്കലും റയിൽവെയുടെ സ്ലീപ്പർ ബണ്ട് നിർമ്മിക്കലും | 2018-19 | 1610000 | പൂർത്തീകരിച്ചു |
| 5. | 2017-18 പാലക്കാട് ജില്ലയിലെ മങ്കര പഞ്ചായത്തിലെഭാരതപ്പുഴയ്ക്കടുത്ത് പുതുക്കോട് ഭാഗം പഴയ പറളി ബ്രിഡ്ജിന് കുറുകെ ചെയിനേജ് 7/100 കി.മീ ചെക്ക്ഡമിൻറെ അറ്റകുറ്റപണികൾ - അധിക പ്രവൃത്തി | 2017-18 | 30,00,000 | പൂർത്തീകരിച്ചു |
| 6 | ഹരിതകേരളം -2017-18 - പാലക്കാട് ജില്ലയിലെ **തച്ചൻപാറ** പഞ്ചായത്തിലെ **നീലഞ്ചേരികുളം** പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 2017-18 | 72,800 | പൂർത്തീകരിച്ചു |
| 7 | ഹരിതകേരളം -2017-18 - പാലക്കാട് ജില്ലയിലെ **കരിമ്പ** പഞ്ചായത്തിലെ **കരുവുക്കുളം** പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 2017-18 | 58,000 | പൂർത്തീകരിച്ചു |
| 8 | ഹരിതകേരളം -2017-18 - പാലക്കാട് ജില്ലയിലെ **കേരളശ്ശേരി** പഞ്ചായത്തിലെ വാർഡ് നം. 8 പുല്ലാനിപറമ്പിലുള്ള വെള്ളാരികുളത്തിൻറെ പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 2017-18 | 73805 | പൂർത്തീകരിച്ചു |
| 9 | ഹരിതകേരളം -2017-18 - പാലക്കാട് ജില്ലയിലെ കോങ്ങാട് പഞ്ചായത്തിലെ വാർഡ് നം.16 കുണ്ടുവർപാടത്തുള്ള പെരുങ്കുളത്തിൻറെ പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 2017-18 | 117516 | പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 10 | ഹരിതകേരളം -2017-18 - പാലക്കാട് ജില്ലയിലെ മണ്ണൂർ പഞ്ചായത്തിലെ വാർഡ് നം. 14 ചവിട്ടിലകുളം പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 2017-18 | 103312 | പൂർത്തീകരിച്ചു |
| 11 | ഹരിതകേരളം -2017-18 - പാലക്കാട് ജില്ലയിലെ എടത്തറ പറളി പഞ്ചായത്തിലെ വാർഡ് നം.15 ചാത്തൻകുളം പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 2017-18 | 1,17,000 | പൂർത്തീകരിച്ചു |
| 12 | എസ്ഡിആർഎഫ് - പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിലെ പറളി ചെക്ക്ഡാമിൻറെ D/S ൽ കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മാണം ആദ്യ ഭാഗം | 2018-19 | 20,00,000 | വർക്ക് ടെൻഡർ ചെയ്തു |
| 13 | എസ്ഡിആർഎഫ് - പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിലെ പറളി ചെക്ക്ഡാമിൻറെ D/S ൽ കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മാണം രണ്ടാം ഭാഗം | 2018-19 | 20,00,000 | വർക്ക് ടെൻഡർ ചെയ്തു |
| 14 | എസ്ഡിആർഎഫ് - മങ്കര പഞ്ചായത്തിലെ പുതുക്കോട് ഭാഗം ചെക്ക്ഡമിൻറെ D/S ൽ സംരക്ഷണ ഭിത്തി നിർമ്മാണം | 2018-19 | 15,00,000 | കോൺട്രാക്ടർക്ക് സൈറ്റ് കൈമാറ്റം ചെയ്തു |
| 15 | പാലക്കാട് ജില്ലയിലെ പറളിപഞ്ചായത്തിൽ പഴയ പറളി റെയിൽവേ സ്റ്റേഷന് സമീപം ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെക്ക് ഡാമിൻറെ അടിയന്തിര അറ്റകുറ്റപണികൾ | 2017-18 | 96,00,000 | ടെൻഡർ നടപടി പൂർത്തിയായി |
| 16 | പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമ പഞ്ചായത്തിൽ കാർമ്മൽ സ്കൂൾ പാലക്കയത്തിന് സമീപം കല്ലാർപ്പുഴയുടെ വലതുകര അരികു സംരക്ഷണം | 2019-2020 | 20,00,000 | ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു. |
| 17 | ഹരിത കേരളം പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ നെല്ലിപുഴയ്ക്ക് കുറുകെ അമ്പൻ കടവിൽ ചെക്ക് ഡാമിൻറെ നിർമ്മാണം | 2019-2020 | 55,00,000 | എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് |
| 18 | പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ പള്ളിക്കടവിൽ കാഞ്ഞിരപ്പുഴയ്ക്ക് കുറുകെയുള്ള ചെക്ക് ഡാമിൻറെ നിർമ്മാണം | 2019-2020 | 80,00,000 | എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് |

**Annexure 1**

**KERALA WATER AUTHORITY, P.H.CIRCLE, PALAKKAD**
**LIST OF PROJECTS TAKEN UP UNDER LAC - ADS KONGAD CONSTITUENCY**

| Sl No. | District | Name of Work | Constituency | Govt. AS No. & Date | Estimate Amount in Lakhs | Physical Status | Remarks |
|---|---|---|---|---|---|---|---|
| | | **LAC ADS** | | | | | |
| 1 | Palakkad | WSS to Trippalmunda in Kongad Pt DWSS to Thadukkassery - Poozhiasari and DWSS to Kundalassery - Thottumpalla-Kollangottupara at Keralassery | Kongad | G.O. (Rt) No. 391/2015/WRD dated 18.05.2015 | 115.00 | | Completed |
| 2 | Palakkad | Providing MWSS to Maniyankunnu - Thadukkassery in Keralassery Panchayath | Kongad | G.O. (Rt) No. 444/2017/WRD dated 21.05.2017 | 25.00 | | Work dropped due to non-availability of proper site for borewell. Matter intimated to MLA and higher office on 11.05.2018. |
| | **Deposit** | NIL | | | | | |

Section Officer